# K.C.B.C. MADYAVIRUDHA SAMITHI

(Under Kerala Catholic Bishop's Council Temperence Commission)

**PALA DIOCESE**

Madhyavirudha Nagar, Pala - 686 575

| | |
|---|---|
| *Patron:* | **Bishop Rev. Dr. Joseph Kallarangattu**, Bishop's House, Pala |
| *Director:* | **Rev. Fr. Jacob Vellamaruthumkal**, Adarrt, Pala, Ph: 8921095159 |
| President: | **Prasad Kuruvilla, Peedikayil, Kunnonny,** Mob: 9446084464 |


<u>പ്രസിദ്ധീകരണത്തിന്</u>

# മാരക ലഹരിയിൽ മാനസികനില നഷ്ടപ്പെട്ടവരെ നിയന്ത്രിക്കണം

പാലാ: മാരക ലഹരിയിൽ മാനസിക നില നഷ്ടപ്പെട്ട് തിമിർത്താടുന്ന തലമുറയെ സർക്കാർ സംവിധാനങ്ങളും പൊതുസമൂഹവും നിയന്ത്രിക്കണമെന്ന് കെ.സി.ബി.സി മദ്യ-ലഹരിവിരുദ്ധ സമിതി ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കലും പ്രസിഡന്റ് പ്രസാദ് കുരുവിളയും ആവശ്യപ്പെട്ടു.

ലഹരിയുടെ മാസ്മരികതയിൽ പരിസരബോധവും, മാനസിക നിലയും തകരാറിലാകുന്ന ഇളംതലമുറയും, യുവതലമുറയും നാടിന് തുടരെ ഭീഷണിയാകുകയാണ്. ഇതിനെ കുട്ടിക്കളിയെന്ന് പറഞ്ഞ് തള്ളാനാവില്ല. പേക്കൂത്തുകൾക്ക് ധൈര്യം പകരാൻ മാരക ലഹരിയെക്കൂട്ടുപിടിക്കുകയാണിവർ.

റവന്യൂ-എക്സൈസ്-പോലീസ്-ഫോറസ്റ്റ് സംവിധാനങ്ങൾ ജാഗ്രത പുലർത്തുകയും നിരന്തര പരിശോധനകൾ നടത്തുകയും വേണം. കൊറോണ പകർച്ചവ്യാധിക്കെതിരെ സ്വീകരിച്ച അതേ സമീപനം മാരക ലഹരിവ്യാപനത്തിനെതിരെയും വേണം. മാഫിയയെയും വില്പനക്കാരനെയും മുഖവും, സമുദായവും, കക്ഷി-രാഷ്ട്രീയവും നോക്കാതെ പിടിച്ചകത്താക്കണം. ഭവനങ്ങൾ തോറും ബോധവൽക്കരണം നടത്തണം.

സന്നദ്ധ സംഘടനകളും സമുദായങ്ങളും സർവ്വകക്ഷികളും ലഹരിക്കെതിരെ നിലകൊള്ളണം. മുതലെടുപ്പുകാരെ തിരിച്ചറിയണം. ഇളംതലമുറയുടെ കുറ്റകൃത്യങ്ങളെ നിസ്സാരവത്ക്കരിച്ച് തള്ളരുത്. മാതാപിതാക്കൾ അതീവ ജാഗ്രത പുലർത്തണം. സ്കൂൾ-കോളേജ് പി.റ്റി.എ.കൾ നിലപാടുകൾ കർക്കശമാക്കണം.

നാട്ടിൽ ചില കേന്ദ്രങ്ങൾ ലഹരിയുടെ ഹബ്ബായി മാറിയിരിക്കുന്നു. തിരിച്ചറിഞ്ഞ് നടപടികൾ ശക്തമാക്കണം. മാരക ലഹരിയെ തളയ്ക്കാൻ സർക്കാർ ഇനിയും മടികാണിച്ചാൽ മാനസിക രോഗികളുടെ നാടായിമാറും കേരളം. പ്രശ്നങ്ങൾ വഷളാകുമ്പോൾ മാത്രം ജാഗ്രത പുലർത്തുന്നവരുടെ നാടായി മാറുന്നു നമ്മുടെ നാടെന്നും ഫാ. ജേക്കബ് വെള്ളമരുതുങ്കലും പ്രസാദ് കുരുവിളയും പറയുന്നു.

കെ.സി.ബി.സി മദ്യ-ലഹരി വിരുദ്ധ സമിതിയുടെ രൂപതയിലെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കും. മാർച്ച് ആദ്യവാരം പാലാ നഗരത്തിൽ "ജാഗ്രതാ സദസ്സ്" സംഘടിപ്പിക്കുമെന്നും ഇവർ പറഞ്ഞു.

PRASAD KURUVILLA
prasadkuruvilla444@gmail.com
9446084464, 7012013212

| | |
|---|---|
| **ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** | **പ്രസാദ് കുരുവിള** |
| (ഡയറക്ടർ) | (പ്രസിഡന്റ്) |

പാലാ, 26.02.2024